MALAYALA MANORAMA - 22-11-2024

# മത്സ്യത്തൊഴിലാളി ദിനം: വിദ്യാർഥികൾക്ക് ബോധവൽക്കരണം

കൊച്ചി● ലോക മത്സ്യത്തൊഴിലാളി ദിനത്തോടനുബന്ധിച്ച് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) കുഫോസിലെ വിദ്യാർഥികൾക്കു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

വൈക്കം ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം വൈസ് പ്രസിഡന്റും മത്സ്യത്തൊഴിലാളിയുമായ ചിന്നമ്മ ജോസഫിനെ ആദരിച്ചു. പതിമൂന്നാം വയസ്സിൽ ആരംഭിച്ച മത്സ്യബന്ധന തൊഴിലിനെയും മീൻപിടിത്തത്തിലെ വെല്ലുവിളികളെയും കുറിച്ചു ചിന്നമ്മ സംസാരിച്ചു.

സിഫ്റ്റിലെ ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം.പി. രമേശൻ അധ്യക്ഷത വഹിച്ചു. നൂതന മത്സ്യബന്ധന സാങ്കേതിക വിദ്യകളെയും സുസ്ഥിര മത്സ്യബന്ധന രീതികളെയും കുറിച്ച് സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. മുഹമ്മദ് അഷ്റഫ്, ഡോ. വി. ആർ. മധു എന്നിവർ ക്ലാസ് നയിച്ചു. സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. കെ.കെ. പ്രജിത്ത്, ഡോ. കെ.എം. സന്ധ്യ എന്നിവർ പ്രസംഗിച്ചു.



സിഫ്റ്റിന്റെ വിശാഖപട്ടണം, മുംബൈ, വെരാവൽ സെന്ററുകളിലും മത്സ്യത്തൊഴിലാളി ദിനം ആഘോഷിച്ചു.